# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.401

14.11.2019 ലെ മറുപടി

### റൂം ഫോർ റിവർ പദ്ധതി

**ചോദ്യം**

ശ്രീ. പി.ഉബൈദുള്ള
,, ടി.എ.അഹമ്മദ് കബീർ
,, സി.മമ്മൂട്ടി
,, വി.കെ.ഇബ്രാഹിം കുഞ്ഞ്

**മറുപടി**

കെ.കൃഷ്ണൻകുട്ടി
(ജലവിഭവ വകുപ്പുമന്ത്രി)

എ) പ്രളയ മേഖലകളെ വെള്ളപ്പൊക്കത്തിൽ നിന്നും രക്ഷപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള റൂം ഫോർ റിവർ പദ്ധതി വിശദമാക്കാമോ;

എ) നദികളുടെ പ്രളയജലം സുഗമമായി ഒഴുകുന്നതിന് നദിയുടെ വീതിയും ആഴവും വർദ്ധിപ്പിക്കുക, വളവുകൾ നിവർത്തുക, ജലനിർഗ്ഗമനത്തിന് തടസ്സമായ നിർമ്മിതികൾ ഒഴിവാക്കുക എന്നിങ്ങനെ നിരവധി പ്രവൃത്തികൾ ഉൾപ്പെടുന്നതാണ് റൂം ഫോർ റിവർ എന്ന ഡച്ച് പദ്ധതി. ഫലപ്രദമായ ഒരു ഫ്ലഡ് വാണിംഗ് സിസ്റ്റവും ഇതിൽ ഉൾപ്പെടുന്നു. ജലനിരപ്പ് ഉയരുന്നതനുസരിച്ച് ഫ്ലഡ് വാണിംഗിലെ സൂചന പ്രകാരം വിവിധ സ്ഥലങ്ങളിലെ താമസക്കാർ ഷെൽട്ടർ ഹോമിലേക്ക് മാറേണ്ടിവരുന്നു. ഇതൊക്കെ ഉൾപ്പെടുന്ന സമഗ്രമായ പദ്ധതിയാണ് "റൂം ഫോർ റിവർ" എന്ന പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

ബി) നെതർലാൻഡ്സ് സർക്കാരിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാമാണ് നടപ്പാക്കുന്നതെന്നും നാളിതുവരെ സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ;

ബി) തുടർച്ചയായി വെള്ളപ്പൊക്കം ഉണ്ടാകുന്ന കുട്ടനാട്ടിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പമ്പ, അച്ചൻകോവിൽ നദികൾ, ലീഡിംഗ് ചാനൽ, തോട്ടപ്പള്ളി സ്പിൽവേയിലേക്ക് ജലം എത്തിക്കുവാൻ കഴിയുന്ന അനുബന്ധകനാലുകൾ, മണിമലയാർ, നെടുമുടിയാർ, പള്ളാത്തുരുത്തിയാർ എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന എ.സി കനാലിന്റെ പൂർത്തീകരണം, തോട്ടപ്പള്ളി പൊഴിയിൽ മണൽ ഖനനം തടയൽ, പുലിമുട്ട് നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ഒന്നാം ഘട്ടമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പഠനങ്ങൾ നടത്തുന്നതിനും വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനും 4.5 കോടി രൂപ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| സി) ഡച്ച് സംഘം ഇത് സംബന്ധിച്ച പഠനത്തിനായി സംസ്ഥാനത്ത് സന്ദർശനം നടത്തിയിട്ടുണ്ടോ; അവരുടെ കണ്ടെത്തലുകളും ശിപാർശകളും എന്തെല്ലാമെന്ന് വിശദമാക്കുമോ; | സി) 2018 ലെയും 2019 ലെയും വെള്ളപ്പൊക്കത്തെ തുടർന്ന് ജലവിഭവ മേഖലയിൽ പ്രവർത്തന പാരമ്പര്യമുള്ള ഡച്ച് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ടീം നിരവധി തവണ കുട്ടനാട് ഉൾപ്പെടെയുള്ള സ്ഥലങ്ങൾ സന്ദർശിച്ചിരുന്നു. പ്രസ്തുത ടീമും ജലസേചന വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥരും ചേർന്ന് കുട്ടനാടിന്റെ പ്രളയപ്രതിരോധത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ "Kerala IWRM Action Plan for Kuttanad Basin" എന്ന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ കുട്ടനാടിന്റെ പുനർ നിർമ്മാണത്തിനായി പ്രയോജനപ്പെടുത്താവുന്നതാണ്.<br>ഇനിയും ഇതിന് വിശദപഠനവും DPR തയ്യാറാക്കലും വേണ്ടിവരും. ഇതിനുള്ള ഫണ്ടിംഗ് RKI പദ്ധതിയിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| ഡി) പദ്ധതി സംസ്ഥാനത്തിന് അനുയോജ്യമാകുന്നപക്ഷം കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | ഡി) നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ